# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 215 — 14.02.2013 ൽ മറുപടിയ്ക്ക്

### ജലവിഭവ അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ രൂപീകരിക്കുന്ന ജലവിഭവ അതോറിറ്റിക്കും നിലവിലുള്ള കേരളാ വാട്ടർ അതോറിറ്റിക്കും നിയമനിർമ്മാണത്തിലൂടെ ഏൽപ്പിച്ചു നൽകിയിരിക്കുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും മിക്കവയും ഒന്നുതന്നെയായിരിക്കുന്നതിന്റെ കാരണം അറിയിക്കാമോ ; | (എ) സർക്കാർ രൂപീകരിക്കാനുദ്ദേശിക്കുന്ന കേരള സ്റ്റേറ്റ് വാട്ടർ റിസോഴ്സസ് റഗുലേറ്ററി അതോറിറ്റിയുടെയും കേരള വാട്ടർ അതോറിറ്റിയുടെയും അധികാരങ്ങളിലും കർത്തവ്യങ്ങളിലും ചുമതലകളിലും ചില സമാനതകൾ കാണാമെങ്കിലും അധികവും തികച്ചും വ്യത്യസ്തങ്ങളാണ്. |
| (ബി) ഒരേ അധികാരത്തോടെ മറ്റൊരു അതോറിറ്റി രൂപീകരിക്കുന്നത് കേരള വാട്ടർ അതോറിറ്റി ഘട്ടംഘട്ടമായി നിർത്തലാക്കുന്നതിനാണോ ; വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കാത്തത് ഇതുകൊണ്ടാണോ ; വ്യക്തമാക്കാമോ ?<br><br>(സി) പുതിയ അതോറിറ്റി രൂപീകരിക്കുന്നതിനുപകരം കേരളാ വാട്ടർ അതോറിറ്റി ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ? | (ബി) & (സി) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥയുടെ ഭാഗമായാണ് 'കേരള സ്റ്റേറ്റ് വാട്ടർ റിസോഴ്സസ് റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇത് കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തെ ബാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ